ആറന്മുളയെ അന്താരാഷ്ട്ര ടൂറിസം ഡെസ്റ്റിനേഷനായി പ്രഖ്യാപിക്കാൻ നടപടി

43 [719] ശ്രീ. കെ. സുധാകരൻ:
,, ജി. കാർത്തികേയൻ:
,, പി. ജെ. ജോയി:
,, എം. എ. വാഹിദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുളയെ അന്താരാഷ്ട്ര ടൂറിസം ഡെസ്റ്റിനേഷനായി ഇൻഡ്യാ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) അതുകൊണ്ടുള്ള പ്രധാന നേട്ടങ്ങൾ എന്തെല്ലാമാണ്;

(സി) ആറന്മുളയിലേക്കുള്ള റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിലുള്ളതാക്കാൻ നടപടിയെടുക്കുമോ;

(ഡി) ആറന്മുളയിൽ ടൂറിസ്റ്റുകൾക്ക് കൂടുതൽ താമസസൗകര്യം ലഭ്യമാക്കുമോ; ആറന്മുള കണ്ണാടിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ സംവിധാനം ഏർപ്പെടുത്തുമോ എന്നറിയിക്കാമോ?

ഉത്തരം

(എ & ബി) ഇല്ല. എന്നാൽ ആറന്മുളയിലെ ഗ്രാമീണ ടൂറിസം പദ്ധതിക്ക് UNDP-യുടെ ധനസഹായമായി 20 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

(സി ആന്റ് ഡി) പരിശോധിക്കാവുന്നതാണ്.

തൃശ്ശൂർ ജില്ലയുടെ ടൂറിസം മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പദ്ധതി

44 [720] ശ്രീ. ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയുടെ ടൂറിസം മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന നടപടിയുടെ പുരോഗതി വിശദമാക്കുമോ;

(ബി) ഈ പദ്ധതിയിൽ കൊടുങ്ങല്ലൂരിന്റെ പ്രാധാന്യം വേണ്ട രീതിയിൽ കണക്കിലെടുത്തിട്ടില്ലെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ മാസ്റ്റർ പ്ലാനിൽ കൊടുങ്ങല്ലൂരിൽ നിന്നും ഉൾപ്പെട്ടിട്ടുള്ള പ്രധാന ടൂറിസം പോയിന്റുകൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ—സി) തൃശ്ശൂർ ജില്ലയുടെ ടൂറിസം മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി ഡൽഹിയിലുള്ള കൺസൾട്ടിംഗ് എഞ്ചിനീയറിംഗ് സർവ്വീസ് ഇൻഡ്യാ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മാസ്റ്റർ പ്ലാൻ സംബന്ധിച്ച അന്തിമ റിപ്പോർട്ട് തയ്യാറായി വരുന്നതേയുള്ളൂ. അന്തിമ റിപ്പോർട്ട് പൂർത്തിയായാൽ മാത്രമേ ഏതൊക്കെ സ്ഥലങ്ങൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് പറയാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly